**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1191** **18-09-2025 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി പഞ്ചായത്തിൽ പൈപ്പ് ലൈൻ സ്ഥാപനത്തിൽ തകർന്ന റോഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി പഞ്ചായത്തിൽ പ്രധാന മന്ത്രി ഗ്രാമ സഡക് യോജനയുടെ കീഴിലുള്ള പറമ്പന്തളി റോഡിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിലായി എടുത്ത ട്രഞ്ചിന്റെ റെസ്റ്റൊറേഷന് വേണ്ടി വാട്ടർ അതോറിറ്റി പി. എം. ജി. എസ്. വൈ.യുടെ അക്കൗണ്ടിലേക്ക് അടയ്ക്കേണ്ട തുക സംബന്ധിച്ച് മുല്ലശ്ശേരി പഞ്ചായത്ത് അധികൃതർ എം.എൽ.എ. മുഖേന നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിലെ പറമ്പതളി മാനാന റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി എടുത്ത ട്രെഞ്ചിൻ്റെ റെസ്റ്റോറേഷനും റോഡ് പൂർവസ്ഥിതിയിൽ പുനസ്ഥാപിക്കുന്നതിന് വേണ്ടി പഞ്ചായത്ത് അധികൃതർ നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് പ്രകാരം തുടർനടപടി എടുക്കുകയും ആയതിനു വേണ്ട തുകയായ 93,48,970 രൂപ അനുവദിച്ചിട്ടുണ്ട്. ഫണ്ട് KSRRDA വകുപ്പിന് കൈമാറുന്നതിന് വേണ്ടി ടി സ്ഥാപനത്തിന്റെ ട്രഷറി അക്കൗണ്ട് നമ്പർ നൽകുന്നതിന് KSRRDA യോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ട്രഷറി അക്കൗണ്ട് നമ്പർ നൽകുന്നതിന് പകരമായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അക്കൗണ്ട് നമ്പർ ആണ് നൽകിയത്. ആയതിനാൽ പ്രസ്തുത ഫണ്ട് കൈമാറുന്നതിന് സാധിക്കാതെ വന്നു. ഫണ്ട് ട്രഷറി അക്കൗണ്ട് വഴി കൈമാറുന്നതിനായി KSRRDA ക്ക് കത്ത് നൽകിയിട്ടുള്ളതാണ്. മേൽ തുക RKI കേരള പദ്ധതിയുടെ ഭാഗമായി വരുന്നതാകയാൽ ട്രഷറി അക്കൗണ്ട് വഴി മാത്രമേ കൈമാറുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | പ്രസ്തുത റോഡ് പുനർനിർമ്മിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി നല്കേണ്ടതായ തുക ടി പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിലേക്ക് കൈമാറി നല്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (ബി) | KSRRDA ട്രഷറി അക്കൗണ്ട് നമ്പർ നൽകുന്ന മുറയ്ക്ക് ടി തുക പ്രസ്തുത അക്കൗണ്ടിലേയ്ക്ക് കൈമാറി നൽകുന്നതിന് സാധിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ